**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2422** **12-12-2022 - ൽ മറുപടിയ്ക്ക്**

**അരുവിക്കര നിയോജക മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സഞ്ചരിക്കുന്ന റേഷൻ കട എന്ന പദ്ധതി അരുവിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | നിലവിൽ അരുവിക്കര നിയോജക മണ്ഡലത്തിലെ കാട്ടാക്കട താലൂക്കിൽ(കോട്ടൂർ) കുന്നത്തേരി, വ്ളാവിള, ആമല, ആയിരംകാൽ, പൊത്തോട്, അണകാൽ, പ്ലാത്ത്, എറുമ്പിയാട്, മണ്ണാംകോണം, വാലിപ്പാറ, പൊടിയം എന്നീ സ്ഥലങ്ങളിലും നെടുമങ്ങാട് താലൂക്കിലെ (പൊടിയകാല), മീനാങ്കൽ, മാങ്കാല എന്നീ ആദിവാസി ഊരുകളിലും 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി മുഖേന ഭക്ഷ്യധാന്യങ്ങൾ എല്ലാ മാസവും വിതരണം ചെയ്യുന്നുണ്ട്. ആയതിലേയ്ക്കായി കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ടിപ്പർ വാഹനത്തിന് ട്രിപ്പ് അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. |
| (ബി) | ഇതിനായി വേണ്ടിവരുന്ന വാഹനം ഏത് തരത്തിലുള്ളതാണെന്നും ഇതിന് ഉദ്ദേശം എത്ര തുകയാണ് വേണ്ടി വരുന്നതെന്നും ഡ്രൈവറുടെ ശമ്പളം, ഇന്ധനം, അറ്റകുറ്റപ്പണി തുടങ്ങിയ ആവർത്തന ചെലവുകൾ എങ്ങനെയാണ് വഹിക്കുന്നതെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ